Published on 08-06-2017

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 68

# 2017-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 68

# 2017-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ബിൽ

828/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 68

# 2017-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ബിൽ

2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 72-ാം വകുപ്പിന്റെ ഭേദഗതി.—2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റിലെ (2010-ലെ 9) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 72-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) (1)-ാം ഉപവകുപ്പ് പ്രകാരം തടവുകാർക്ക് നൽകാവുന്ന എല്ലാ തരത്തിലുമുള്ള ഇളവുചെയ്യലും യാതൊരു സംഗതിയിലും ശിക്ഷയുടെ മൂന്നിൽ ഒന്ന് കവിയാൻ പാടുള്ളതല്ല.".

828/2017.

# 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിൽ (2010-ലെ 9) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

72. തടവുകാർക്കുള്ള ഇളവ് ചെയ്യൽ.—(1) ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ശിക്ഷിക്കപ്പെട്ട തടവുകാർക്ക് ഇളവ് അനുവദിക്കാവുന്നതാണ്. സെൻട്രൽ പ്രിസണിലേയും തുറന്ന പ്രിസണിലെയും വനിതാ പ്രിസണിലെയും ശിക്ഷിക്കപ്പെട്ട തടവുകാരുടെ ഇളവുചെയ്യൽ കണക്കാക്കുന്നതിന്റെയും കണക്കുകൂട്ടുന്നതിന്റെയും മേൽനോട്ടം വഹിക്കുന്നതിന്, സൂപ്രണ്ടും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു ഇളവുചെയ്യൽ സമിതി ഉണ്ടായിരിക്കേണ്ടതാണ്.

(2) ഇളവുചെയ്യലിന്റെ ഇനവും ഇളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

** ** ** **

78. അവധി.—(1) നന്നായി പെരുമാറുന്നവരും അർഹരുമായ ശിക്ഷിക്കപ്പെട്ട തടവുകാർക്ക് അവരുടെ ഉത്തമ പുനരധിവാസവും പുനഃസാമൂഹിക സംസർഗ്ഗവും ലക്ഷ്യമാക്കി നല്ല പെരുമാറ്റത്തിനും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ നടപടികളോടുള്ള പ്രതികരണത്തിനുമുള്ള പ്രോത്സാഹനമെന്ന നിലയിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്കും വിധേയമായി അവധി അനുവദിക്കാവുന്നതാണ്.

(2) തടവുകാർക്ക് നൽകിയിട്ടുള്ള എല്ലാ തരങ്ങളിലുമുള്ള പരോളും ഇളവുചെയ്യലും അവധിയും യാതൊരു സംഗതിയിലും ശിക്ഷയുടെ മൂന്നിൽ ഒന്നിൽ കവിയാൻ പാടുള്ളതല്ല.

(3) അവധിയുടെ തരവും അതുമായി ബന്ധപ്പെട്ട സംഗതികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

** ** ** **